## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം
നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നം. 807 24/7/2012 ന് മറുപടിയ്ക്ക്

### വനഭൂമിയുടെ സർവ്വേ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി :<br>ശ്രീ.സി.മമ്മൂട്ടി :<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : | ശ്രീ.കെ.ബി.ഗണേഷ്കുമാർ.<br>(വനവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |
| (എ) വനഭൂമിയുടെ വിശദമായ സർവ്വേ നടത്തി അതിരുകൾ അടയാളപ്പെടുത്തി വിശദമായ സ്കെച്ചും പ്ലാനും തയ്യാറാക്കുന്നതിന് സമഗ്രമായ ഒരു പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കുന്ന കാര്യം പരിഗണിക്കുമോ ; | (എ) സർവ്വെ ഡിപ്പാർട്ടുമെന്റിൽ നിന്നും സർവ്വേയർമാരെ ലഭിക്കുന്നതിനനുസരിച്ചു വനഭൂമിയുടെ വിശദമായ സർവ്വെ നടത്തി അതിരുകൾ അടയാളപ്പെടുത്തി വിശദമായ സ്കെച്ചും പ്ലാനും തയ്യാറാക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ട്. |
| (ബി) കാലാകാലങ്ങളിലെ കൈയേറ്റങ്ങളും തുടർന്നുള്ള അവകാശത്തർക്കങ്ങളും മൂലം സ്വാഭാവികവനം, നിക്ഷിപ്തവനം, പ്രത്യേക ജൈവ വനമേഖല, പ്ലാന്റേഷൻ വനമേഖല എന്നിവയുടെ കൃത്യമായ വിസ്തൃതിയും അതിർത്തികളും തിരിച്ചറിയാനാകാത്ത സാഹചര്യത്തിൽ, ആധുനിക സാങ്കേതിക വിദ്യകളുടെ സഹായത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തിൽ പ്രസ്തുത പദ്ധതി നടപ്പാക്കുമോ ;<br>(സി) വനമേഖലയ്ക്കുള്ളിലെ ജനവാസ കേന്ദ്രങ്ങളുടെ വിസ്തൃതിയും ഇതോടൊപ്പം നിർണ്ണയിക്കാൻ നടപടി സ്വീകരിക്കുമോ ? | (ബി) യും (സി) യും ആധുനിക സാങ്കേതിക വിദ്യയുള്ള സർവ്വെ ഉപകരണങ്ങൾ വനം വകുപ്പിൽ ലഭ്യമാക്കിയും ആവശ്യമെങ്കിൽ വിവിധ വകുപ്പുകളുടെ സഹായം സ്വീകരിച്ചും കുറ്റമറ്റരീതിയിൽ സർവ്വേ നടത്താനാണ് പദ്ധതി. വനത്തിനുള്ളിലെ ജനവാസകേന്ദ്രങ്ങളുടെ വിസ്തൃതിയും ഇതോടൊപ്പം നിർണ്ണയിക്കാൻ സാധിക്കും. |

സെക്ഷൻ ആഫീസർ